# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2400 08.05.2017 -ൽ മറുപടിയ്ക്ക്

**ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. ശിവകുമാർ<br>,, ഷാഫി പറമ്പിൽ<br>,, അൻവർ സാദത്ത് : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഗവൺമെന്റ് / എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജുകളിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി തുടങ്ങിയ പല പദ്ധതികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ സർക്കാർ കോളേജുകളും സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള വിവിധ പദ്ധതികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ് |
| (ബി) | കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ പരീക്ഷ നടത്തുന്നതിനും റിസൾട്ട് പ്രഖ്യാപനത്തിനും വളരെയധികം കാലതാമസമുണ്ടാകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്.<br>ഈ പ്രശ്നത്തിന് പരിഹാരം കാണാനായി ഒരു ഏകീകൃത അക്കാദമിക് കലണ്ടർ തയ്യാറാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ഇവ പരിഹരിച്ച് ഒരു ഏകീകൃത പരീക്ഷ കലണ്ടർ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കാൻ ശ്രമിക്കുമോ? | | |

സെക്ഷൻ ഓഫീസർ